©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2024 സെപ്റ്റംബർ 18<br>18th September 2024<br>1200 കന്നി 2<br>2nd Kanni 1200<br>1946 ഭാദ്രം 27<br>27th Bhadra 1946 | നമ്പർ<br>No. | 2950 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O.(P)No.67/2024/LBR

*Dated, Thiruvananthapuram, 13th September, 2024*
*28th Chingam, 1200.*

**S. R. O. No. 829/2024**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G.O. (P) No.127/2011/LBR dated 19th August, 2011 and published as S.R.O. No. 533/2011 in the Kerala Gazette Extraordinary No.1627 dated 23rd August, 2011, the Government of Kerala, after considering the objections and suggestions

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

received on the draft proposals published as notification No.LBRD-E1/56/2022-LBRD. dated 2nd August, 2022 in the Kerala Gazette Extraordinary No. 2585 dated 4th August, 2022 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Brick Manufacturing and Wire Cut Bricks Industry sector in the State of Kerala, as specified in the schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force, namely:-

## SCHEDULE

**I. A. Hand Moulded Bricks Industry - For time-rated workers**

**Minimum time rates for 8 hours work**

| *Job* | *Basic Daily Wages* |
|---|---|
| *(1)* | *(2)* |
| *(a) Unskilled Worker* | |
| 1. Headload Workers<br>2. Drying Yard Stacker<br>3. Helpers in fire making<br>4. Other unskilled raw material handling Worker | ₹ 600.00 |
| *(b) Semi-skilled Workers* | |
| 1. Clay mixers and Slicer<br>2. Moulder Helper<br>3. Workmen spreading wet brick in drying yard<br>4. Supervisor | ₹ 610.00 |
| *(c) Skilled Workers* | |
| 1. Moulder<br>2. Kiln setter<br>3. Kiln Fire Maker | ₹ 620.00 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**B. Hand Moulded Bricks Industry - For piece-rated working**

| | Name of the Job | Minimum piece rates<br>Basic wages for making of 1000 bricks of standard size | Production per worker in a day No. of bricks |
|---|---|---|---|
| 1. | Moulding Bricks | ₹ 475.00 | 2500 |
| 2. | Mixing of clay | ₹ 470.00 | 2500 |
| 3. | Moulding Helper | ₹ 470.00 | 2500 |
| 4. | Workmen stacking bricks at drying yard | ₹ 470.00 | 2500 |

**II. Cement and Sand Bricks Industry - For time-rated working**

**Minimum time rates for 8 hours of work**

*(a) Unskilled Workers*

| | |
|---|---|
| 1. Sand and Cement Mixing Worker<br>2. Headload worker | ₹ 600.00 |

*(b) Skilled Workers*

| | |
|---|---|
| Moulder | ₹ 620.00 |

**III. Mechanised Units**

**A. Time rated work (for 8 hours of work)**

*(a) Unskilled Workers*

| | |
|---|---|
| 1. Headload worker<br>2. Drying Yard Stacker<br>3. Helper in fire making<br>4. Other unskilled raw material handling worker | ₹ 600.00 |

*(b) Semi-skilled Workers*

| | |
|---|---|
| 1. Clay Mixing and Slicing Workers<br>2. Moulding Helper | ₹ 610.00 |

*(c) Skilled Worker*

| | |
|---|---|
| 1. Moulder<br>2. Kiln Setter<br>3. Kiln Fire Maker | ₹ 620.00 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**B. Piece rated workers**

| | *Nature of work / Category* | *Workload* | *Wages* |
|---|---|---|---|
| | *(1)* | *(2)* | *(3)* |
| 1. | Mixer Idal | 1 Cubic metre | ₹ 470.00 |
| 2. | Mixer Ariyal | 1 Cubic metre | ₹ 380.00 |
| 3. | Pugmil Worker | 1000 Nos. | ₹ 1280.00 |
| 4. | Kannara Vakkal | 1000 Nos | ₹ 430.00 |
| 5. | Kallu Chumedu | 1000 Nos. | ₹ 690.00 |
| 6. | Choola Adukkal | 1000 Nos. | ₹ 630.00 |
| 7. | Choola Polikal | 1000 Nos. | ₹ 760.00 |
| 8. | Choola Vevikkal | | ₹ 350.00 |
| 9. | Viraku Pottikkal | 1 Metric Tone | ₹ 1020.00 |
| 10. | Loading | 1000 Nos. | ₹ 760.00 |

**IV. Dearness Allowance**

The Dearness Allowance shall be calculated on the basis of Consumer Price Index Number of each District Headquarter fixed by the Department of Economics and Statistics. All the workers (piece rated and time rated workers) shall be paid in addition to the above said wages, the Dearness Allowance calculated at the rate of ₹ 2.30 (Two Rupees and Thirty Paise only) for every point in excess of 165 points in new series of the latest Consumer Price Index Number (New Series 2011-12=100) of each District Headquarters.

The piece rated employees are eligible for full Dearness Allowance, only on completion of the workload alloted to them. If the workload specified is not completed, they are eligible for proportionate Dearness Allowance.

**V. General Conditions**

1. In case the employees of any establishment/Industry are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.

2. In case any post or category of an establishment is not included in the schedule above, such employee shall be eligible for the basic wages prescribed for equivalent post/category.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. The monthly rate in respect of the category of employees for whom daily rate is fixed in this schedule may be calculated by multiplying the consolidated amount of Basic Wages and Dearness Allowance with 26.

By order of the Governor,
Dr. VASUKI K.,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had revised the minimum rates of wages payable to the employees employed in the Brick Manufacturing and Wire Cut Bricks Industry sector in the State of Kerala as per notification issued under G.O. (P) No. 127/2011/LBR dated 19th August, 2011 and published as S.R.O. No. 533/2011 in the Kerala Gazette Extraordinary No.1627 dated 23rd August, 2011. The Government have, now, decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No.LBRD-E1/56/2022-LBRD. dated 2nd August, 2022 in the Kerala Gazette Extraordinary No. 2585 dated 4th August, 2022 and in consultation with the advice of the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.67/2024/തൊഴിൽ

തിരുവനന്തപുരം, തീയതി, 2024, സെപ്റ്റംബർ 13
1200, ചിങ്ങം 28.

**എസ്. ആർ. ഒ. നമ്പർ 829/2024**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 ആഗസ്റ്റ് 19-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 127/2011/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 23-ാം തീയതിയിലെ 1627-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 533/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം, 2022 ആഗസ്റ്റ് 2-ാം തീയതിയിലെ ഇ 1/56/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2022 ആഗസ്റ്റ് 4-ാം തീയതിയിലെ 2585-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സർക്കാർ, കേരള സംസ്ഥാനത്തെ ഇഷ്ടിക നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

**I. എ. കൈകൊണ്ട് വാർക്കുന്ന ഇഷ്ടിക നിർമ്മാണം - സമയ നിരക്കിലുള്ള ജോലിക്ക് 8 മണിക്കൂർ ജോലിക്ക് മിനിമം വേതനം**

| *തൊഴിൽ വിഭാഗം* | *അടിസ്ഥാന പ്രതിദിന വേതനം* |
|---|---|
| *(1)* | *(2)* |
| (എ) <u>അവിദഗ്ധ തൊഴിലാളികൾ</u> | |
| 1. ചുമട്ടു തൊഴിലാളികൾ<br>2. ഉണങ്ങിയ ഇഷ്ടിക കളത്തിൽ കൂമ്പാരം കൂട്ടുന്നവർ<br>3. തീയിടുന്നതിന് സഹായിക്കുന്നവർ<br>4. മറ്റ് അസംസ്കൃത വസ്തുക്കൾ കൈകാര്യം ചെയ്യുന്ന അവിദഗ്ധ തൊഴിലാളികൾ | ₹ 600.00 |
| (ബി) <u>അർദ്ധവിദഗ്ധ തൊഴിലാളികൾ</u> | |
| 1. മണ്ണ് കുഴയ്ക്കുന്നവരും കഷണമാക്കുന്നവരും<br>2. വാർപ്പ് സഹായികൾ<br>3. നനഞ്ഞ ഇഷ്ടികകൾ ഉണക്കുന്നതിന് കളത്തിലേക്ക് ഇടുന്നവർ<br>4. പരിശോധകർ | ₹ 610.00 |
| (സി) <u>വിദഗ്ധ തൊഴിലാളികൾ</u> | |
| 1. വാർക്കുന്നവർ<br>2. ചൂള ക്രമപ്പെടുത്തുന്നവർ<br>3. ചൂള കത്തിക്കുന്നവർ | ₹ 620.00 |

**ബി. കൈകൊണ്ട് വാർക്കുന്ന ഇഷ്ടിക നിർമ്മാണം - പീസ് റേറ്റ് ജോലിക്ക്**

*മിനിമം പീസ് റേറ്റ്*

| | *ജോലിയുടെ പേര്* | *സ്റ്റാൻഡേർഡ് സൈസിലുള്ള 1000 ഇഷ്ടികയുടെ നിർമ്മാണത്തിനുള്ള അടിസ്ഥാന വേതനം* | *ഒരു തൊഴിലാളി ഒരു ദിവസം ഉൽപ്പാദിപ്പിക്കേണ്ട ഇഷ്ടികയുടെ എണ്ണം* |
|---|---|---|---|
| 1. | ഇഷ്ടിക വാർക്കൽ | ₹ 475.00 | 2500 |
| 2. | മണ്ണ് കുഴയ്ക്കൽ | ₹ 470.00 | 2500 |
| 3. | വാർപ്പ് സഹായി | ₹ 470.00 | 2500 |
| 4. | ഇഷ്ടികകൾ ഉണക്കുന്നതിന് കളത്തിൽ നിരത്തുന്ന തൊഴിലാളി | ₹ 470.00 | 2500 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**II. സിമന്റ് - മണൽ ഇഷ്ടിക നിർമ്മാണം - സമയ നിരക്കിലുള്ള ജോലിക്ക്**

**8 മണിക്കൂർ ജോലിക്ക് മിനിമം വേതനം**

(എ) <u>അവിദഗ്ദ്ധ തൊഴിലാളികൾ</u>

| | |
|---|---|
| 1. മണലും സിമന്റും കുഴയ്ക്കുന്നവർ<br>2. ചുമട്ടുതൊഴിലാളികൾ | ₹ 600.00 |

(ബി) <u>വിദഗ്ദ്ധ തൊഴിലാളികൾ</u>

| | |
|---|---|
| ഇഷ്ടിക വാർപ്പുകൾ | ₹ 620.00 |

**III. യന്ത്രവൽകൃത വിഭാഗം**

**എ. സമയനിരക്കിലുള്ള ജോലിക്ക്**

**8 മണിക്കൂർ ജോലിക്ക് മിനിമം വേതനം**

(എ) <u>അവിദഗ്ദ്ധ തൊഴിലാളികൾ</u>

| | |
|---|---|
| 1. ചുമട്ടുതൊഴിലാളികൾ<br>2. ഉണക്കുവാൻ കളത്തിൽ അടുക്കുന്നവർ<br>3. തീയിടുന്നതിന് സഹായിക്കുന്നവർ<br>4. മറ്റ് അസംസ്കൃത വസ്തുക്കൾ കൈകാര്യം ചെയ്യുന്നവർ | ₹ 600.00 |

(ബി) <u>അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ</u>

| | |
|---|---|
| 1. മണ്ണ് കുഴയ്ക്കുന്നവരും കഷണമാക്കുന്നവരും<br>2. വാർപ്പ് സഹായികൾ | ₹ 610.00 |

(സി) <u>വിദഗ്ദ്ധ തൊഴിലാളികൾ</u>

| | |
|---|---|
| 1. വാർക്കുന്നവർ<br>2. ചൂള ക്രമപ്പെടുത്തുന്നവർ<br>3. ചൂള കത്തിക്കുന്നവർ | ₹ 620.00 |

***ബി. പീസ് റേറ്റ് വിഭാഗം***

| | *തൊഴിൽ സ്വഭാവം / വിഭാഗം* | *അദ്ധ്വാനഭാരം* | *വേതന നിരക്ക്* |
|---|---|---|---|
| | *(1)* | *(2)* | *(3)* |
| 1. | മിക്സർ ഇടൽ | 1 ക്യുബിക് മീറ്റർ | ₹ 470.00 |
| 2. | മിക്സർ അരിയൽ | 1 ക്യുബിക് മീറ്റർ | ₹ 380.00 |
| 3. | പഗ്മിൽ തൊഴിൽ | 1000 എണ്ണം | ₹ 1280.00 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | (1) | (2) | (3) |
|---|---|---|---|
| 4. | കണ്ണറ വയ്ക്കൽ | 1000 എണ്ണം | ₹ 430.00 |
| 5. | കല്ല് ചുമട് | 1000 എണ്ണം | ₹ 690.00 |
| 6. | ചൂള അടുക്കൽ | 1000 എണ്ണം | ₹ 630.00 |
| 7. | ചൂള പൊളിക്കൽ | 1000 എണ്ണം | ₹ 760.00 |
| 8. | ചൂള വേവിക്കൽ | | ₹ 350.00 |
| 9. | വിറക് പൊട്ടിക്കൽ | 1 മെട്രിക് ടൺ | ₹ 1020.00 |
| 10. | കയറ്റുജോലി | 1000 എണ്ണം | ₹ 760.00 |

**IV. ക്ഷാമബത്ത**

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ ആസ്ഥാനത്തിനും വേണ്ടി, നിശ്ചയിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കണക്കാക്കേണ്ടതാണ്. മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിന് പുറമേ, എല്ലാ തൊഴിലാളികൾക്കും (പീസ് റേറ്റുകളിലും സമയ നിരക്കിലുമുള്ള തൊഴിലാളികൾ) കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ ആസ്ഥാനത്തിനും വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (2011-12=100) 165 പോയിന്റിനു മുകളിൽ വരുന്ന ഓരോ പോയിന്റിനും 2.30 രൂപ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

പീസ് റേറ്റ്കാർക്ക് നിർദ്ദിഷ്ട അദ്ധ്വാനഭാരം പൂർത്തിയാക്കിയാൽ മാത്രമേ പൂർണ്ണ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. നിശ്ചിത അദ്ധ്വാനഭാരം പൂർത്തിയാക്കാത്തവർക്ക് ആനുപാതിക ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**V. പൊതു വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിലെ/വ്യവസായത്തിലെ തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.
2. ഏതെങ്കിലും തസ്തിക അല്ലെങ്കിൽ വിഭാഗം പ്രത്യേകമായി പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് പട്ടികയിലെ സമാന തസ്തിക/വിഭാഗത്തിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള അടിസ്ഥാന വേതനം നൽകേണ്ടതാണ്.
3. ഈ പട്ടിക പ്രകാരം, പ്രതിദിനവേതനം നിശ്ചയിച്ചവരെ സംബന്ധിച്ച് പ്രതിമാസ വേതനം കണക്കാക്കുന്നതിന്, പ്രതിദിന അടിസ്ഥാനവേതനവും ക്ഷാമബത്തയും ചേർന്ന തുകയെ 26 കൊണ്ട് ഗുണിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**ഡോ. വാസുകി കെ.,**
*ഗവൺമെന്റ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ ഇഷ്ടിക നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 ആഗസ്റ്റ് 19-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 127/2011/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 23-ാം തീയതിയിലെ 1627-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 533/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 2022 ആഗസ്റ്റ് 2-ാം തീയതിയിലെ ഇ 1/56/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2022 ആഗസ്റ്റ് 4-ാം തീയതിയിലെ 2585-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

Digitally signed by VEERAN T
Date:2024.09.18 09:28:52 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/